**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** | **02-02-2024 - ൽ മറുപടിയ്ക്ക്**

**സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരിച്ചതിനുള്ള തുക പി.ആർ.എസ്. (പാഡി രസീത് സ്ലിപ്) വായ്പ ആയാണോ കർഷകർക്ക് നല്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കർഷകരിൽ നിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പി.ആർ.എസ്. സംഭരിച്ച നെല്ലിന്റെയും അതിന് പ്രതിഫലമായി ലഭിക്കുന്ന തുകയും, നൽകുന്നതിന് പി.ആർ.എസ് അത്യാവശ്യമാണ്. സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭിക്കാതെ വന്നാൽ സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ് ഉപയോഗിച്ച് സപ്ലൈകോയുമായി കരാറിൽ ഏർപ്പെടുന്ന ബാങ്ക് മുഖേന കർഷകർക്ക് തുക ബാങ്ക് അക്കൗണ്ടിൽ നല്കുന്ന പദ്ധതിയാണ് പി.ആർ.എസ് വായ്പാപദ്ധതി.<br><br>നെല്ല് സംഭരിക്കുന്ന സമയത്ത് സപ്ലൈകോ നൽകുന്ന ഇലക്ട്രോണിക് പ്രൈസ് രസീത് (e-PRS) പരിശോധിച്ച ശേഷം നെൽ കർഷകർക്ക് നെല്ലിന്റെ വില PRS വായ്പയായി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. |
| (ബി) | നെൽ കർഷകർക്ക് പി.ആർ.എസ്. നിർത്തലാക്കി പകരം സംഭരിച്ച നെല്ലിന്റെ തുക നേരിട്ട് അക്കൗണ്ടിലേക്ക് സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കർഷകരിൽ നിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പി.ആർ.എസ്. സംഭരിച്ച നെല്ലിന്റെയും അതിന് പ്രതിഫലമായി ലഭിക്കുന്ന തുകയും, നൽകുന്നതിന് പി.ആർ.എസ് അത്യാവശ്യമാണ്. സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭിക്കാതെ വന്നാൽ സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ് ഉപയോഗിച്ച് സപ്ലൈകോയുമായി കരാറിൽ ഏർപ്പെടുന്ന ബാങ്ക് മുഖേന കർഷകർക്ക് തുക ബാങ്ക് അക്കൗണ്ടിൽ നല്കുന്ന പദ്ധതിയാണ് പി.ആർ.എസ് വായ്പാപദ്ധതി.<br><br>നെല്ല് സംഭരിക്കുന്ന സമയത്ത് സപ്ലൈകോ നൽകുന്ന ഇലക്ട്രോണിക് പ്രൈസ് രസീത് (e-PRS) പരിശോധിച്ച ശേഷം നെൽ കർഷകർക്ക് നെല്ലിന്റെ |

| | | | |
|---|---|---|---|
| | | | **വില PRS വായ്പയായി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്.** |
| (സി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും താങ്ങുവില നൽകി സംഭരിക്കുവാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | കർഷകരിൽനിന്നും നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ കർഷക രജിസ്ട്രേഷൻ പോർട്ടലിൽ നിബന്ധനകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകരിൽ നിന്നും, കർഷക ഗ്രൂപ്പിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ